**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2785** | **24-02-2026 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ നവകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ നവകിരണം പദ്ധതി പ്രകാരം നാളിതുവരെ എത്ര പേരെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലുടനീളം നവകിരണം പദ്ധതി പ്രകാരം നാളിതുവരെ 1137 കുടുംബയൂണിറ്റുകളെ പുനരധിവസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിലെ പാലോട് ഉദിമൂട് സെറ്റിൽമെന്റിലുൾപ്പെട്ട 18 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി ഇതര വിഭാഗത്തിൽപെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി. നിശ്ചിത മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. അപ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖകൾക്കനുസൃതമായി അപേക്ഷകരുടെ പട്ടിക മുൻഗണനാക്രമത്തിൽ തയ്യാറാക്കിയാണ് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി കുടുംബയൂണിറ്റുകൾക്ക് നഷ്ടപരിഹാര തുക നൽകി ടി പദ്ധതി നടപ്പിലാക്കുന്നത്.<br><br>വാമനപുരം മണ്ഡലത്തിലെ പാലോട് , ഉദിമൂട് സെറ്റിൽമെന്റിലുൾപ്പെട്ട കുടുബങ്ങളെ നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിൽ RKDP/KIIFB Phase I and Phase II ൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയുടെ Phase III ലേക്കായി തയ്യാറാക്കി വരുന്ന DPR(Detailed Project Report)ൽ പ്രസ്തുത സെറ്റിൽമെന്റിൽ താമസിക്കുന്ന അപേക്ഷകരുടെ അപേക്ഷകൾ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ